## പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാല്പത്തൊന്നാമത് റിപ്പോർട്ട്

(2015 ജൂലൈ മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-06)-യുടെ ഒമ്പതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാല്പത്തൊന്നാമത് റിപ്പോർട്ട്

(2015 ജൂലൈ മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-06)-യുടെ ഒമ്പതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

[സമിതി (2004-06)-യുടെ ഒമ്പതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

889/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം നാല്പത്തൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-06)-യുടെ ഒമ്പതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ജൂലൈ 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂലൈ 23.

# റിപ്പോർട്ട്

ഹിന്ദുമത ധർമ്മ (ഭരണ) സ്ഥാപനങ്ങളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06) സമർപ്പിച്ച ഒൻപതാമത് റിപ്പോർട്ടിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06)യുടെ 9-ാമത് റിപ്പോർട്ട് 2006 ഫെബ്രുവരി മാസം 14-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിൽ ആകെ 63 ശിപാർശകളാണ് ഉള്ളത്. 63 ശിപാർശകളിന്മേലും സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി സമിതി 13-8-2014-ലെ യോഗത്തിൽ പരിഗണിക്കുകയും മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാർ നല്കിയ മറുപടികളും ചുവടെ ചേർക്കുന്നു:

## ഖണ്ഡിക നമ്പർ 5

### ശിപാർശ

1.1 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലായെന്നാണ് ദേവസ്വം വകുപ്പും എച്ച്.ആർ. ആന്റ് സി.ഇ. കമ്മീഷണറും സമിതിയെ അറിയിച്ചത്. ആയതിനാൽ 1996 മുതലുള്ള എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളും ഭാവിയിൽ നടത്തുന്ന ഓഡിറ്റിന്മേലുള്ള റിപ്പോർട്ടുകളും ദേവസ്വം വകുപ്പിനും എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിനും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

1.2 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽനിന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ വകുപ്പിന് ലഭ്യമാക്കുന്നുണ്ട്.

## ഖണ്ഡിക നമ്പർ 6

### ശിപാർശ

2.1 മലബാറിലെ ക്ഷേത്രഭരണം സുഗമമാക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനായും ക്ഷേത്രഭരണകാര്യങ്ങളിൽ ഐകരൂപ്യമുണ്ടാക്കുന്നതിനുമായി ഒരു നിയമം പാസ്സാക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നിയമം പാസ്സായി വരുന്നതുവരെ മലബാർ പ്രദേശത്തെ ക്ഷേത്രങ്ങളുടെ ഭരണം സുഗമമാക്കുന്നതിനായി നിലവിൽ എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പ് പിന്തുടരുന്ന 1961-ലെ 19-ാം നമ്പർ ആക്ടിലെ (Madras H.R. & C.E. Act) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും അതിലൂടെ ക്ഷേത്രഭരണം കൂടുതൽ സുഗമമാക്കുന്നതിനാവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായി തമിഴ്നാട് സർക്കാരിനോട് അഭ്യർത്ഥിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2 1951-ലെ Madras Hindu Religious and Charitable Endowment Act ആണ് പഴയ മലബാർ പ്രദേശത്ത് ബാധകമാക്കിയതെങ്കിലും 1956-ലെ സംസ്ഥാന പുനർവിഭജനത്തിനുശേഷം ആക്ടിലും റൂളിലും ഭേദഗതികൾ കേരള സർക്കാർ തന്നെയാണ് ചെയ്തുവരുന്നത്. ക്ഷേത്രഭരണം കൂടുതൽ സുഗമമാക്കുന്നതിന് ഏതെല്ലാം ഭേദഗതികളാണ് വരുത്തേണ്ടതെന്ന് ലോക്കൽ ഫണ്ട് വകുപ്പിൽനിന്നും അറിയിച്ചുതന്നിട്ടില്ല. ഈ വകുപ്പിൽനിന്നും ഭേദഗതികൾക്കായി അതത് സമയത്ത് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചുവരുന്നുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുന്നുണ്ട്.

<u>ഖണ്ഡിക നമ്പർ 7</u>

<u>ശിപാർശ</u>

3.1 പഴയ അളവുതൂക്ക സമ്പ്രദായ പ്രകാരം തയ്യാറാക്കിയ ഡിറ്റം അടിസ്ഥാന മാക്കിയാണ് വഴിപാട്, നിത്യത, ആനുകാലിക വാർഷിക ഉത്സവങ്ങൾ എന്നിവ നടത്തുന്നതെന്നും ഇത് ഓഡിറ്റിന് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിൽ ആധുനിക മെട്രിക് അളവുതൂക്ക സമ്പ്രദായ പ്രകാരം ഡിറ്റം പുതുക്കി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2 വകുപ്പിന്റെ ഭരണപരമായ മേൽനോട്ടത്തിൻകീഴിൽ 1400-ഓളം ക്ഷേത്രങ്ങളുണ്ട്. എല്ലാ ക്ഷേത്രങ്ങൾക്കും ഡിറ്റം ഇല്ല. നിലവിലുള്ള ഡിറ്റങ്ങൾ പലതും ദശാബ്ദങ്ങൾക്കുമുമ്പ് അംഗീകരിച്ചവയാണ് എന്നത് ഒരു വസ്തുതയാണ്. ക്ഷേത്രത്തിൽ ഓരോ കാര്യത്തിനുപയോഗിക്കുന്ന അളവുകളും തൂക്കങ്ങളും മെട്രിക് സമ്പ്രദായത്തിലേക്ക് മാറ്റി ഖരവസ്തുക്കൾ കിലോഗ്രാം സമ്പ്രദായത്തിലും ദ്രാവകവസ്തുക്കൾ ലിറ്റർ, മി.ലിറ്റർ സമ്പ്രദായത്തിലും പുതുക്കി ഡിറ്റം തയ്യാറാക്കി കമ്മീഷണർക്ക് അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി ഓരോ ക്ഷേത്രഭരണാധികാരിക്കും ഈ ഓഫീസിലെ 23-4-2004-ലെ എച്ച്.ആർ.എച്ച്. 6-2078/04 പ്രകാരം സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ മെട്രിക് അളവിൽ അല്ലാതെ ഡിറ്റം രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ള ക്ഷേത്ര ഭരണാധികാരികൾ ഡിറ്റം അംഗീകാരത്തിനായി സമർപ്പിക്കുകയും ആയത് അംഗീകരിച്ച് നൽകുന്നുമുണ്ട്. ബാക്കിയുള്ളവകൂടി മാറ്റി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 9

### ശിപാർശ

4.1 പ്രസ്തുത നിയമം അനുസരിച്ച് 1,000 രൂപയ്ക്ക് മുകളിൽ വരുമാനമുള്ള ക്ഷേത്രങ്ങളുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ് നടത്തുന്നതെന്നും 1,000 രൂപയിൽ താഴെ വരുമാനമുള്ള ക്ഷേത്രങ്ങളുടെ ഓഡിറ്റ് എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പുമാണ് നടത്തുന്നതെന്നാണ് സമിതിയെ അറിയിച്ചത്. എന്നാൽ പ്രസ്തുത പരിധി ഉയർത്തിയിട്ടുണ്ടെന്നും 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 7(9) അനുസരിച്ച് 10,000 രൂപയ്ക്ക് താഴെ വരുമാനമുള്ള ക്ഷേത്രങ്ങളുടെ ഓഡിറ്റ് എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പാണ് നടത്തേണ്ടത് എന്നും എന്നാൽ ഇപ്പോഴും പഴയ പരിധിവച്ച് ഓഡിറ്റ് നടത്തുന്നതിനാൽ ആയിരം രൂപയ്ക്കു മുകളിലും പതിനായിരം രൂപയ്ക്ക് താഴെയും വരുമാനമുള്ള ക്ഷേത്രങ്ങളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യപ്പെടുന്നില്ലെന്നുമാണ് എ.ജി.-യുടെ ഓഡിറ്റിൽ നിന്നും സമിതി മനസ്സിലാക്കിയത്. എ.ജി.യുടെ ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ 10,000 രൂപയ്ക്കു താഴെ വരുമാനമുള്ള ക്ഷേത്രങ്ങളുടെ ഓഡിറ്റ് എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പ് നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

4.2 ഇക്കാര്യത്തിൽ ഹിന്ദുമതധർമ്മസ്ഥാപന(ഭരണ)നിയമത്തിലെ സെക്ഷൻ 71 (4)(a)-ക്ക് ഭേദഗതി വരുത്തുകയോ ഈ സെക്ഷൻ റിപ്പീൽ ചെയ്യുകയോ ഉണ്ടായിട്ടില്ലാത്തതിനാൽ ശിപാർശ നടപ്പിൽ വരുത്തുന്നതിൽ നിയമതടസ്സമുണ്ടെന്ന് കണ്ട് ഈ കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ഖണ്ഡിക നമ്പർ 10, 11, 12, 13

### ശിപാർശ

5.1 ഓഡിറ്റ് ഫീസ് പിരിക്കുന്നതിലും പിരിച്ച തുക സർക്കാരിലേക്ക് അടയ്ക്കുന്നതിലും എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പ് വേണ്ടത്ര ശ്രദ്ധാന്തി കാണിക്കുന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.

5.2 കുടിശ്ശികയുള്ള ഓഡിറ്റ് ഫീസ് മുഴുവൻ പിരിച്ചെടുക്കണമെന്നും പിരിച്ചെടുക്കുന്ന മുഴുവൻ തുകയ്ക്കുമുള്ള കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണെന്നും തുക കൃത്യമായി സർക്കാരിലേക്ക് അടയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5.3 1996-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ദേവസ്വത്തിൽ നിന്നും എത്ര ഫീസ് പിരിച്ചെടുത്തുവെന്നും ഓഡിറ്റ് ഫീസ് നല്കാത്ത ദേവസ്വങ്ങൾ ഏതെല്ലാമാണെന്നും

അവരിൽ നിന്നും ഓഡിറ്റ് ഫീസ് പിരിച്ചെടുക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ സമിതിക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും അതൊന്നും തന്നെ സമിതിക്ക് നല്കിയിട്ടില്ലായെന്നും ആയത് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5.4 ഭരണപരമായ കൃത്യനിർവ്വഹണത്തിൽ വകുപ്പ് വളരെയേറെ അലംഭാവം കാട്ടുന്നുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

5.5 1996 വർഷം മുതൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തന്നെയാണ് ഓഡിറ്റ് ഫീസ് പിരിക്കുന്നത്. 1996 വർഷത്തിനുമുമ്പെ ഈ വകുപ്പ് പിരിച്ചെടുത്തിരുന്ന അംശദായം തുക വകുപ്പിന്റെ റസീറ്റ് ഹെഡായ 8235-103-00-99 എച്ച്.ആർ. ആന്റ് സി.ഇ. ഫണ്ട് എന്ന ഹെഡിൽ ചെലാനൊടുക്കുകയാണ് ചെയ്തിരുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന വരവിൽ നിന്നും വകുപ്പിന്റെ ചെലവ് കഴിച്ച് മിച്ചം ഉണ്ടാകാറില്ല. ആയതുകൊണ്ടാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലേക്ക് അടയ്ക്കേണ്ടതായ അംശദായതുക ഈ വകുപ്പിൽ നിന്നും അടയ്ക്കുവാൻ ബാക്കി വന്നത്. ഊർജ്ജിത പിരിവിലൂടെ പരമാവധി തുക അംശദായമിനത്തിൽ പിരിച്ചെടുക്കുന്നതിന് 2006 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഊർജ്ജിതപിരിവ് മാസമായി ആചരിക്കുകയും ഈ മാസങ്ങളിൽ മാത്രം പരമാവധി തുക (50,88,981 ) പിരിച്ചെടുത്തിട്ടുമുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിലെ വരവ് താഴെ ചേർക്കുന്നു:

| | |
|---|---:|
| 2001-2002 | 31,47,538.00 |
| 2002-2003 | 38,33,581.00 |
| 2003-2004 | 42,01,524.00 |
| 2004-2005 | 81,51,600.00 |
| 2005-2006 | 1,14,60,181.00 |

1995 വർഷംവരെ 1,35,73,989 ക. ഓഡിറ്റ് ഫീസ് ഇനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലേക്ക് അടയ്ക്കുവാൻ ബാക്കിയുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ സംഖ്യ അടയ്ക്കുന്നതിന് വകുപ്പിന്റെ കൈവശം പണമില്ലാത്തതിനാൽ തുക റൈറ്റ് ഓഫ് ചെയ്യുന്നതിനുവേണ്ടി 22-11-2003-ന് എച്ച്.ആർ.എച്ച്. 1-2752/99 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ അന്തിമ ഉത്തരവ് ലഭിച്ചിട്ടില്ല.

5.6 1994-ലെ കേരളാ ലോക്കൽ ഫണ്ട് നിയമത്തിന്റെ വെളിച്ചത്തിൽ വകുപ്പിന് ക്ഷേത്രങ്ങളുടെ ഓഡിറ്റിന്റെ കാര്യത്തിൽ കൂടുതൽ നിയന്ത്രണമേർപ്പെടുത്താൻ കഴിയുന്നില്ലെന്ന് ബോധിപ്പിക്കുന്നു. 1994-ലെ കേരളാ ലോക്കൽ ഫണ്ട് ആക്ട് പ്രകാരം ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സവാദങ്ങളിൽ തീർപ്പ് കല്പിക്കേണ്ടതും ദേവസ്വത്തിനുണ്ടായ നഷ്ടം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ലോക്കൽ ഫണ്ട് വകുപ്പാണ്. ഭരണവകുപ്പിന് ഇക്കാര്യത്തിൽ പുതിയ നിയമപ്രകാരം അധികാരമില്ല. 1951-ലെ എച്ച്.ആർ. ആന്റ് സി.ഇ. ആക്ട് പ്രകാരമാണ് വകുപ്പ് പ്രവർത്തിച്ചുവരുന്നത്. ഈ നിയമത്തിന് ഭേദഗതിയൊന്നും വരുത്തിയിട്ടില്ല. എന്നാൽ പുതിയ ലോക്കൽ ഫണ്ട് നിയമ പ്രകാരം ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തുന്ന സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്. ക്ഷേത്രഭരണാധികാരികൾ ആവശ്യമായ വിവരങ്ങളോ റിപ്പോർട്ടുകളോ സമർപ്പിച്ചിട്ടില്ലെങ്കിൽ അവർക്കെതിരെ നിയമത്തിലെ സെക്ഷൻ 74(3) പ്രകാരം നടപടിയെടുക്കുക എന്നതാണ് എച്ച്.ആർ. ആന്റ് സി.ഇ. ആക്ട് പ്രകാരം നിലവിലുള്ള പോംവഴി. എന്നാൽ പുതിയ നിയമം പ്രാബല്യത്തിൽ വന്നതോടെ വകുപ്പിന്റെ ഭരണത്തെ ഏറെ പ്രതികൂലമായി ബാധിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. ട്രസ്റ്റിയുടെ പേരിൽ നടപടിയെടുക്കാവുന്ന വകുപ്പുകളാണ് 45-ഉം, 74 (3)-ഉം. ഇതിൽ 74 (3) വകുപ്പ് റദ്ദ് ചെയ്തിട്ടില്ലെങ്കിലും ഫലത്തിൽ അപ്രസക്തമായിത്തീർന്നതോടെ ക്ഷേത്ര ഭരണാധികാരികളുടെമേൽ എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിനുള്ള നിയന്ത്രണം ഭാഗികമായി നഷ്ടപ്പെട്ടിരിക്കുന്നു. ഇതിനു പരിഹാരമെന്ന നിലയിൽ നിലവിലുള്ള നിയമങ്ങളും റൂളും ഭേദഗതി വരുത്തുവാൻ സർക്കാരിലേക്ക് കമ്മീഷണറുടെ എച്ച്.ആർ. 8/2752/99 തീയതി 7-3-2003 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് ആക്ട് നിയമവും എച്ച്. ആർ. ആന്റ് സി.ഇ. ആക്ടും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കാനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്. മേൽഭേദഗതി നിലവിൽ വരികയാണെങ്കിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമ മാകുന്നതാണ്.

## ഖണ്ഡിക നമ്പർ 16

## ശിപാർശ

6.1 മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നതുതന്നെ പലപ്പോഴും ആവശ്യകത അനുസരിച്ചല്ലായെന്നും ഫണ്ട് അനുവദിച്ചിട്ടുള്ള ക്ഷേത്രങ്ങളിൽ പലതും പ്രസ്തുത തുക പൂർണ്ണമായി ഉപയോഗിക്കുന്നില്ലായെന്നും ആണ് മാനേജ്മെന്റ് ഫണ്ട് സംബന്ധിച്ച എ.ജി.യുടെ ആഡിറ്റ് റിപ്പോർട്ടിലുള്ളത്. ആയതിനാൽ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ക്ഷേത്രങ്ങളുടെ ആവശ്യം അനുസരിച്ചുള്ള തുക മാത്രമാണ് അനുവദിക്കേണ്ടതെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഉപയോഗിക്കാതെ ശേഷിക്കുന്ന തുക ടി.പി. അക്കൗണ്ടിൽ നിലനിർത്താതെ സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

6.2 <u>മാനേജ്മെന്റ് ഫണ്ട്</u>: ദേവസ്വങ്ങളിലെ അംഗീകരിച്ച ശമ്പളപ്പട്ടിക, വരുമാനം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ച് ജീവനക്കാരുടെ ശമ്പളം നല്കുന്നതിന് പോരാതെ വരുന്ന തുക മാത്രമാണ് ഇപ്പോൾ ദേവസ്വം മാനേജ്മെന്റ് ഫണ്ടുവഴി നല്കുന്നത്. അതിൽതന്നെ ഉപയോഗിക്കാതെ ശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുക യാണെങ്കിൽ പല കാരണങ്ങളാലും വളരെ തുച്ഛമായ ശമ്പളം കൈപ്പറ്റുന്ന ക്ഷേത്രജീവനക്കാർക്ക് ശമ്പളകുടിശ്ശിക യഥാസമയം നല്കാൻ സാധിക്കാതെ വരികയും അതുവഴി മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ച സർക്കാരിന്റെ ഉദ്ദേശശുദ്ധിതന്നെ നടക്കാതെ വരികയും ചെയ്യും. <u>ബഹു</u>. ഹൈക്കോടതി നിർദ്ദേശം അനുസരിച്ചാണ് ക്ഷേത്ര ജീവനക്കാർക്കുവേണ്ടി മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചതും ശമ്പളബാക്കി നല്കുന്നതും. ഇപ്പോൾ സർക്കാർ നിർദ്ദേശപ്രകാരം ടി.പി.എ. അക്കൗണ്ട് നിർത്തലാക്കി. ടി.എസ്.ബി. അക്കൗണ്ട് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക, ഉത്സവബത്ത എന്നിവയ്ക്ക് പുറമെ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1628/05 റവന്യൂ തീയതി 21-3-2005 പ്രകാരം, ഉത്തരമലബാറിലെ കളിയാട്ടവും പെരുംകളിയാട്ടവും നടക്കുന്ന കാവുകളിലെ അച്ഛൻ, കോമരം/വെളിച്ചപ്പാട്, അന്തിത്തിരിയൻ, കർമ്മി തസ്തികയിലുള്ളവർക്ക് ഭരണവകുപ്പിന്റെ കീഴിലുള്ള 'ഡി' വിഭാഗത്തിൽപ്പെടുന്ന ക്ഷേത്രങ്ങളിലെ കോമരം/ വെളിച്ചപ്പാട് തസ്തികയിൽ ഉള്ളവർക്ക് നല്കിവരുന്ന സ്കെയിലിൽ പ്രതിമാസ ധനസഹായം നല്കിവരുന്നുണ്ട്. കൂടാതെ, ജി.ഒ. (ആർടി.) നമ്പർ 1905/06/റവ. തീയതി 1-3-2006 പ്രകാരവും ജി.ഒ. (ആർടി.) നമ്പർ 2652/06/ആർ.ഡി. തീയതി 29-4-2006 പ്രകാരവും മേപ്പടി കാവുകളിൽ തെയ്യക്കോലം കെട്ടിയാടുന്ന കോലധാരികൾക്ക് പ്രതിമാസ ധനസഹായം മാനേജ്മെന്റ് ഫണ്ടിൽ നിന്നും നല്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 17</u>

<u>ശിപാർശ</u>

7.1 മാനേജ്മെന്റ് ഫണ്ടിൽ നിന്നും ക്ഷേത്ര നവീകരണത്തിനായി 3:6:1 എന്ന അനുപാതത്തിലാണ് തുക അനുവദിക്കുന്നത്. ആദ്യ 2 ഗഡുക്കളിലായി അനുവദിക്കുന്ന 90% തുക മുഴുവൻ ഉപയോഗിക്കാത്ത സാഹചര്യത്തിൽപോലും 10% തുകയേ ലഭിക്കാതാകുന്നുള്ളൂ. ആയതിനാൽ പ്രസ്തുത അനുപാതം യുക്തിസഹമായി പുനർനിർണ്ണയി ക്കേണ്ടത് ആവശ്യമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

7.2 ക്ഷേത്ര ജീർണ്ണോദ്ധാരണ ഫണ്ട്: മരാമത്തുകൾക്ക് സംഖ്യ അനുവദിക്കുന്നത് മാനേജ്മെന്റ് ഫണ്ടിൽ നിന്നും അല്ല. ക്ഷേത്ര ജീർണ്ണോദ്ധാരണ ഫണ്ടായി വർഷംതോറും സർക്കാർ അനുവദിച്ച തരുന്ന ഗ്രാന്റിൽ നിന്നുമാണ് മരാമത്തിനായി തുക നല്കുന്നത്. ഗ്രാന്റ് നല്കുന്ന അനുപാതം 7:3 എന്ന തോതിൽ പുതുക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ. (ആർടി.) നമ്പർ 2162/04 ആർ.ഡി. തീയതി 18-5-2004 ഉത്തരവിലെ റൂൾ 5(എ) പ്രകാരം സ്വകാര്യക്ഷേത്രങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി ഗ്രാന്റ് അനുവദിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 18, 19, 20

## ശിപാർശ

8.1 ക്ഷേത്രജീവനക്കാരുടെ എണ്ണം, യോഗ്യത, പ്രായം എന്നിവ സംബന്ധിച്ച് കൃത്യമായ നിയമാവലി എച്ച്.ആർ. ആന്റ് സി.ഇ. കമ്മീഷണർ തയ്യാറാക്കി അതനുസരിച്ചുള്ളവർക്കുമാത്രമേ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പളം നല്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നിട്ടും പ്രസ്തുത നിബന്ധന പാലിച്ചതായി കാണുന്നില്ല. അതിനുള്ള ഒരുദാഹരണമാണ് മലപ്പുറം എടപ്പാൾ കൊടാലിൽ വിഷ്ണുക്ഷേത്രത്തിൽ നിന്നും ഓഡിറ്റിന് ഹാജരാക്കിയ അക്വിറ്റൻസിൽ ഉൾപ്പെടാത്ത തസ്തികയിലേക്ക് രണ്ടുവർഷം ശമ്പളം നൽകിയത്.

8.2 ആയതിനാൽ വകുപ്പിന്റെ പരിധിയിലുള്ള ക്ഷേത്രജീവനക്കാരുടെ എണ്ണം ക്ഷേത്രാവശ്യമനുസരിച്ച് ക്ലിപ്തപ്പെടുത്തണമെന്നും യോഗ്യത, പ്രായം എന്നിവ സംബന്ധിച്ച് മാനദണ്ഡമുണ്ടാക്കണമെന്നും പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന ക്ഷേത്രങ്ങൾക്കു മാത്രമേ മാനേജ്മെന്റ് ഫണ്ട് അനുവദിക്കാവൂ എന്നും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി എടപ്പാൾ കൊടാലിൽ വിഷ്ണുക്ഷേത്രത്തിൽ ഇല്ലാത്ത തസ്തികയ്ക്ക് നല്കിയ ശമ്പളം തിരിച്ചു പിടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8.3 ഇപ്പോൾ മാനേജ്മെന്റ് ഫണ്ട് ധനസഹായം ലഭിക്കുന്ന എല്ലാ ക്ഷേത്രങ്ങൾക്കും സാമ്പത്തിക സഹായം ആവശ്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതാണെന്നും അതിനായി വിശദമായ സർവ്വേ നടത്തണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അർഹരായ ക്ഷേത്ര ദേവസ്വങ്ങൾക്കു മാത്രമായി പ്രസ്തുത ഫണ്ടിൽ നിന്നുള്ള ധനസഹായം പരിമിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

8.4 മലപ്പുറം ജില്ലയിലെ കൊടാലിൽ വിഷ്ണുക്ഷേത്രത്തിൽ അധികമായി നല്കിയ 5,134 രൂപ കമ്മീഷണറുടെ പേരിൽ ഡി.ഡി. നമ്പർ 659310/27-6-2006 ആയി തിരിച്ചടയ്ക്കുകയും തുക കമ്മീഷണറുടെ പേരിലുള്ള ടി.എസ്.ബി. 4906-ാം നമ്പർ അക്കൗണ്ടിൽ 3-7-2006-ന് വരവ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്.

8.5 ക്ഷേത്രങ്ങളുടെ വരുമാനം സംബന്ധിച്ച രേഖകൾ പരിശോധിച്ച് സാമ്പത്തിക സഹായം ആവശ്യമാണോയെന്ന് ബോധ്യപ്പെട്ടതിനുശേഷം മാത്രമാണ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും ധനസഹായം ഇപ്പോൾ നല്കിവരുന്നത് എന്ന് ബോധിപ്പിക്കുന്നു.

8.6 എച്ച്.ആർ. ആന്റ് സി.ഇ. നിയമത്തിലെ ചട്ടം 100 (2)(വൈ)-ലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവയുള്ള ക്ഷേത്രജീവനക്കാർക്കു മാത്രമേ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ധനസഹായം നല്കിവരുന്നുള്ളൂ എന്ന വിവരം ബോധിപ്പിക്കുന്നു. ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ചും മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള സഹായത്തിന്റെ ഉപയോഗം സംബന്ധിച്ചും മറ്റും പരിശോധിക്കുന്നതിന് അതത് ഡിവിഷനിലെ അസിസ്റ്റന്റ് കമ്മീഷണർമാർ ചെയർമാൻമാരായും വകുപ്പ് ഇൻസ്പെക്ടർമാർ ക്ഷേത്രജീവനക്കാരുടെ പ്രതിനിധികൾ, എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് കമ്മീഷണർ എച്ച്.ആർ.എച്ച് 5/10278/05 തീയതി 25-7-2006 ഉത്തരവായിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 21</u>

<u>ശിപാർശ</u>

9.1 എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിന്റെ കീഴിലുള്ള നിയമാവലി അനുസരിച്ച് പ്രവർത്തിക്കുന്ന ക്ഷേത്രങ്ങൾക്കാണ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നത്, എന്നാൽ ഇതിനു വിരുദ്ധമായി സ്വകാര്യക്ഷേത്രങ്ങളുടെ നവീകരണത്തിനായി പ്രസ്തുത ഫണ്ടിൽ നിന്നും ധനസഹായം നൽകിയതായി കാണുന്നു. ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

9.2 സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർടി.)2162/04 ആർ.ഡി. തീയതി 18-5-2004-ലെ റൂൾ 5(എ) പ്രകാരം സ്വകാര്യക്ഷേത്രങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി അറ്റകുറ്റപ്പണികൾക്ക് ഗ്രാന്റ് അനുവദിക്കാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. പകർപ്പ് അടക്കം ചെയ്യുന്നു.

ഖണ്ഡിക നമ്പർ 22, 23, 24, 25, 26

ശിപാർശ

10.1 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് നടപടി സ്വീകരിച്ചുവരുന്നുണ്ട് എന്നും തിരൂർ സബ്കോടതിയിൽ വ്യവഹാരം ഫയൽ ചെയ്തിരുന്നുവെന്നുമുള്ള അവ്യക്തമായ മറുപടിയാണ് സമിതിക്ക് ലഭ്യമാക്കിയിരിക്കുന്നത്. 31-12-1996-ലെ സാമ്പത്തിക തിരിമറിയെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ 8 വർഷം കഴിഞ്ഞിട്ടും കൃത്യമായ മറുപടി ലഭ്യമാക്കാതിരുന്ന വകുപ്പിന്റെ നടപടി ഗുരുതരമായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

10.2 പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥയും തുക തിരികെ ലഭിക്കുമോ എന്നീ വിവരങ്ങളടങ്ങുന്ന വിശദമായ റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10.3 ക്ഷേത്രങ്ങളിലെ ക്യാഷ് ബുക്കുകൾ കൃത്യമായി സൂക്ഷിക്കണമെന്നും അവ നിശ്ചിത സമയപരിധിക്കുള്ളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും ക്രമക്കേടുകൾ കണ്ടെത്തിയാൽ പരിശോധനാതീയതി മുതലുള്ള നിശ്ചിത കാലയളവിനുള്ളിൽ പ്രസ്തുത പിഴവുകൾ പരിഹരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട അധികാരികൾക്കെതിരെ അച്ചടക്ക/നിയമ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10.4 ഭാവിയിൽ സമിതിക്ക് റിപ്പോർട്ട് നല്കുമ്പോൾ വിശദവിവരങ്ങൾ അടങ്ങിയ സമ്പൂർണ്ണ മറുപടി ലഭ്യമാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

10.5 അവ്യക്തവും ഉപരിപ്ലവവുമായ മറുപടി ലഭ്യമാക്കുന്നത് സമിതിയോടുള്ള അനാദരവായി കണക്കാക്കേണ്ടിവരുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

10.6 തിരിമറി നടന്നതായി അറിവായ ഉടനെതന്നെ തൃപുരാന്തക ക്ഷേത്രത്തിന് നഷ്ടം വന്ന തുക ഈടാക്കാൻ മഞ്ചേരി സബ്കോടതിയിൽ ഒ.എസ്. 9/03 നമ്പറായി ദേവസ്വം കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിന്റെ കഴിഞ്ഞ വിചാരണ 22-8-2006-ന് ആയിരുന്നു. തുക ലഭിക്കാൻ സാധ്യതയുണ്ടെന്ന നിഗമനത്തിലാണ് കേസ് നടത്തിവരുന്നതെന്ന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. തുക ഈടാക്കുന്നതിന് കേസ് ഫയൽ ചെയ്യുകയല്ലാതെ മറ്റ് ഉപാധികളും ഇല്ല.

10.7 ക്ഷേത്രങ്ങളിലെ ക്യാഷ്ബുക്കുകൾ ക്ഷേത്രപരിശോധനാവേളയിൽ പരിശോധിക്കാറുണ്ടെന്നും ഇക്കാര്യത്തിൽ സമിതിയുടെ നിർദ്ദേശം കൃത്യമായി പാലിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം

ബോർഡുകളിൽനിന്നും വ്യത്യസ്തമായി മലബാറിലെ ക്ഷേത്രങ്ങളോരോന്നും സ്വയംഭരണാധികാരമുള്ള സ്വതന്ത്ര സ്ഥാപനങ്ങളാണ്. അവയുടെ മേൽനോട്ടം മാത്രമേ ഹിന്ദുമതധർമ്മസ്ഥാപന(ഭരണ) വകുപ്പിന്റെ പരിധിയിൽ വരുന്നുള്ളൂ. ഓരോ ദേവസ്വത്തിന്റെയും കണക്കുകൾ, രേഖകൾ എന്നിവ അതത് ദേവസ്വത്തിലാണ് സൂക്ഷിക്കുക. ഓഡിറ്റിനുള്ള മറുപടി സമർപ്പിക്കേണ്ടതും അതത് ക്ഷേത്രഭാരവാഹിയാണ്. നിയമത്തിൽ അനുശാസിച്ചിരിക്കുന്നതും അങ്ങനെയാണ്. ക്ഷേത്രങ്ങളാകട്ടെ 1400-ഓളവും. ഈ പരിമിതികൾ കാരണം ഓരോ ക്ഷേത്രത്തിന്റേയും ഓഡിറ്റിന്റെ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് ഓഡിറ്റ് റിപ്പോർട്ടിന് ഉടനെ മറുപടി അയയ്ക്കണമെന്ന് ക്ഷേത്ര ഭാരവാഹികളെ അറിയിക്കുന്നത്. ആ വിവരമാണ് സമിതിക്ക് റിപ്പോർട്ട് ചെയ്തിരുന്നത്.

## ഖണ്ഡിക നമ്പർ 29

## ശിപാർശ

11.1 പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ദേവസ്വത്തിലെ ഭണ്ഡാരവരവ്, ധനാപഹരണം, അന്നക്കര തൃക്കലശേഖരപുരം ദേവസ്വത്തിലെ ധനാപഹരണം എന്നീ ഓഡിറ്റ് പരാമർശങ്ങളെ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് 2004 ജൂൺ മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചുവെങ്കിലും ആയത് ഇതുവരെയും സമിതിക്ക് സമർപ്പിക്കാത്തതിൽ സമിതി ശക്തമായ അതൃപ്തി രേഖപ്പെടുത്തുകയും സമിതി തീരുമാനങ്ങൾ നടപ്പാക്കാതിരുന്ന എച്ച്.ആർ. ആന്റ് സി.ഇ. യിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടിരുന്ന തുടർനടപടി പത്രികയും ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ടും അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

11.2 ശ്രീ തിരുമിറ്റക്കോട് ദേവസ്വത്തിൽ ദേവസ്വം നാൾവഴി പ്രകാരം 31-5-1994-ൽ 2691.60 രൂപ ഭണ്ഡാരം വരവായും അന്നുതന്നെ ഈ തുക മുഴുവനും ജീർണ്ണോദ്ധാരണ കമ്മിറ്റിക്ക് നല്കിയതായും രേഖപ്പെടുത്തിയതായും, എന്നാൽ കമ്മിറ്റി നാൾവഴിയിൽ മേൽസംഖ്യ വരവ് വന്നിട്ടില്ല എന്നുള്ളതാണ് തടസ്സവാദം. 1400-1403, ഫസലി 1994-95 വർഷത്തെ സംയോജിത ഓഡിറ്റ് റിപ്പോർട്ടിലാണ് മേൽതടസ്സവാദം ഉന്നയിച്ചിട്ടുള്ളത്. ശ്രീ. പി. കെ. ബാലകൃഷ്ണൻ ആയിരുന്നു പ്രസ്തുത കാലത്തെ മാനേജർ. പ്രസ്തുത തുക ടിയാനോട് ദേവസ്വം ഫണ്ടിൽ തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടിയാൻ സംഖ്യ തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ സർച്ചാർജ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

## ഖണ്ഡിക നമ്പർ 30, 31

### ശിപാർശ

12.1 പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച മറുപടി നൽകുവാൻ ക്ഷേത്രം ചെയർമാന് നിർദ്ദേശം നൽകിയെന്ന് സമിതിയെ രേഖാമൂലം അറിയിച്ചുവെങ്കിലും, മറുപടി ലഭ്യമായോ എങ്കിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഇക്കാര്യത്തിലുള്ള വിശദമായ റിപ്പോർട്ട് എത്രയുംവേഗം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12.2 പ്രസ്തുത ക്രമക്കേട് നടത്തിയവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

12.3 ശ്രീ പോരൂർ ദേവസ്വത്തിന്റെ വഴിപാട് വരവ് ദേവസ്വം കണക്കിൽ പിടിക്കാത്തതുമൂലം നഷ്ടമായ 6,000 രൂപ 18% പലിശയായ 9,405 ക. സഹിതം മൊത്തം 15,405 രൂപ പലവക രശീതി നമ്പർ 318 തീയതി 5-8-2002 പ്രകാരം അടവാക്കിയിട്ടുണ്ട്.

12.4 ഇതേ ദേവസ്വത്തിലെ കശുവണ്ടി ലേലതുക കണക്കിൽ ചേർക്കാത്തതു കാരണം 44,545 രൂപ ദേവസ്വത്തിന് നഷ്ടം വന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ടി ക്ഷേത്രം ഓഡിറ്റ് ചെയ്തപ്പോൾ ശ്രദ്ധയിൽപ്പെട്ട സാമ്പത്തിക ക്രമക്കേടുകളെപ്പറ്റിയുള്ള 3-1-2004-ലെ എൽ.എഫ്.എച്ച്. ആർ.ഇ.പി.(4) 1/2000 സ്പെഷ്യൽ റിപ്പോർട്ടിൽ കശുവണ്ടി ലേലം തുക തിരിമറി നടത്തിയ വകയിൽ 4545.70 രൂപ ദേവസ്വം ഫണ്ടിൽ നഷ്ടം വന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. 4545.70 രൂപ 4-8-2000-ന് ദേവസ്വം ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 34, 35

### ശിപാർശ

13.1 ദേവസ്വത്തിന് വളരെയേറെ നഷ്ടം ഉണ്ടാക്കിയ ഈ സംഭവത്തെക്കുറിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല എന്ന എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിന്റെ മറുപടി സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

13.2 ദേവസ്വത്തിലെ ഉരുളി നിർമ്മാണവുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് രണ്ടുമാസത്തിനകം ലഭ്യമാക്കാം എന്ന് 12-4-2004-ലെ സമിതിയോഗത്തിൽ ഉറപ്പ് തന്നിരുന്നുവെങ്കിലും ആയത് ഇതുവരെയും ലഭ്യമാക്കാത്തത് ബന്ധപ്പെട്ട വകുപ്പിന്റെ നിരുത്തരവാദപരമായ സമീപനത്തെയാണ് കാണിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു. ശ്രീ തൃക്കണ്ടിയൂർ ക്ഷേത്രത്തിലെ ഉരുളി നിർമ്മാണവുമായി ബന്ധപ്പെട്ട് ദേവസ്വത്തിനുണ്ടായ നഷ്ടം എത്രയെന്ന് കണ്ടെത്തി വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

13.3 ഉരുളി ഉണ്ടാക്കിയതുമൂലം ദേവസ്വത്തിനു സംഭവിച്ച നഷ്ടം അന്നത്തെ ദേവസ്വം മാനേജരിൽ നിന്നും ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

<u>ഖണ്ഡിക നമ്പർ 36, 37, 38, 39</u>

<u>ശിപാർശ</u>

14.1 എച്ച്.ആർ. ആന്റ് സി.ഇ.-യിലെ അപാകതകളെപ്പറ്റിയുള്ള ഓഡിറ്റ് പരാമർശങ്ങൾക്ക് "വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു, അസിസ്റ്റന്റ് കമ്മീഷണർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട് " എന്നിങ്ങനെ അവ്യക്തമായ മറുപടിയാണ് നൽകുന്നതെന്നും ഇത്തരം പ്രവണത അനുവദനീയമല്ലെന്നും എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കണമെന്നും ഓഡിറ്റിന് എന്തു മറുപടി നൽകി, ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്നീ കാര്യങ്ങൾക്ക് കൃത്യമായ രേഖകൾ സഹിതമുള്ള മറുപടി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14.2 എച്ച്.ആർ. ആന്റ് സി.ഇ.-യുടെ പരിധിയിലുള്ള ക്ഷേത്രങ്ങളിലെ ട്രസ്റ്റിമാരുടെയും ചെയർമാൻമാരുടെയും ഭാഗത്തുനിന്നുമുള്ള അപാകതകൾ പരിശോധിക്കുന്നത് ഗവൺമെന്റ് പ്ലീഡർമാരാണെന്നാണ് സമിതിയെ അറിയിച്ചിരിക്കുന്നത്. ആയതിനാൽ ഗവൺമെന്റ് പ്ലീഡർമാർ നൽകുന്ന റിപ്പോർട്ടുകളും അതിന്മേൽ വകുപ്പിൽ നിന്നുമുള്ള തുടർ നടപടികളും ഉൾപ്പെടുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14.3 ചമ്രവട്ടം ശ്രീ അയ്യപ്പ ക്ഷേത്രത്തിലേക്ക് വാങ്ങിയ മോതിരം നിർമ്മിച്ച ലോഹം, മോതിരത്തിന്റെ തൂക്കം, ആരിൽനിന്നും വാങ്ങി, വാങ്ങുവാൻ സ്വീകരിച്ച നടപടിക്രമം, വാങ്ങുവാൻ തീരുമാനിച്ചതും ഉത്തരവു നൽകിയതും ആര്, പ്രസ്തുത മോതിരങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14.4 ചടങ്ങിനാവശ്യമായ പ്രസ്തുത മോതിരങ്ങൾ ശ്രീ തളി ദേവസ്വം, കോഴിക്കോട്, ശ്രീ തിരുനാവായ ദേവസ്വം, തിരുനാവായ എന്നിവിടങ്ങളിൽ നിന്നും ചെറിയ ദക്ഷിണ നൽകി ദ്രവ്യകലശ ചടങ്ങിന് ലഭ്യമാക്കുകയോ പൂജാരികളിൽ നിന്നും ദക്ഷിണ നൽകി ചടങ്ങിന് ഉപയോഗിച്ചതിനുശേഷം തിരികെ നൽകുകയോ ചെയ്യാമായിരുന്നിട്ടും അപ്രകാരം ചെയ്തിട്ടില്ല. ഇത്രയും തുക മുടക്കി ഇവ ക്ഷേത്രത്തിലേക്ക് വാങ്ങിയതിന് പിന്നിൽ അഴിമതി ഉള്ളതായി സംശയിക്കേണ്ടിയിരിക്കുന്നുവെന്നും ആയതിനാൽ ഇതേക്കുറിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

14.5 ചമ്രവട്ടം ശ്രീ അയ്യപ്പ ക്ഷേത്രത്തിലെ 1996-97-98 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 18-ൽ 1997 മാർച്ച് 20 മുതൽ 25 കൂടിയ കാലയളവിൽ നടന്ന ദ്രവ്യകലശത്തിന് പവിത്രമോതിരവും നവരത്നമോതിരത്തിനും കൂടി 28,000 രൂപ ചെലവാക്കിയത് സംബന്ധിച്ചുള്ളതാണ് തടസ്സവാദം. കോഴിക്കോട് അസിസ്റ്റന്റ് കമ്മീഷണറുടെ 29-3-1997-ലെ എൽ.ഡിസ്.293/97 നമ്പർ ഉത്തരവ് പ്രകാരം ദ്രവ്യകലശം നടത്തുന്നതിന് ദേവസ്വം ഫണ്ടിൽ നിന്ന് 1,00,000 രൂപ ക്ഷേത്രപുനരുദ്ധാരണ കമ്മിറ്റിക്ക് നല്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത തുക ഉൾപ്പെടെ 1,64,493.65 രൂപ വരവും 1,60,552 രൂപ ചെലവും (മിച്ചം 3,945.75) ചെയ്ത് പുനരുദ്ധാരണ കമ്മിറ്റി ദ്രവ്യകലശം നടത്തുകയുണ്ടായി. ദ്രവ്യകലശത്തിന് ഉപയുക്തമായി 28,000 രൂപ വിലയുള്ള സ്വർണ്ണനവരത്ന മോതിരങ്ങൾ തന്ത്രിക്ക് നൽകിയത് സംബന്ധിച്ചാണ് തടസ്സം. തന്ത്രിക്ക് ഉപയുക്തമായി നല്കുകയായിരുന്നു മോതിരങ്ങൾ. ഇത് ആചാരപ്രകാരമാണ്. എന്നിരുന്നാലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉപയുക്തമായി നല്കിയ മോതിരത്തിന്റെ വിലയായ 28,000 രൂപ അന്നത്തെ ക്ഷേത്രം മാനേജരിൽ നിന്നും ഈടാക്കുന്നതിനുള്ള സർച്ചാർജ്ജ് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

<u>ഖണ്ഡിക നമ്പർ 40, 41, 42</u>

<u>ശിപാർശ</u>

15.1 ദേവസ്വം ഭണ്ഡാരം വരവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഉൾപ്പെടുത്താതിരുന്ന ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ദേവസ്വത്തിൽ വരവ് വച്ചിട്ടുണ്ടോയെന്നും അറിയേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15.2 ദേവസ്വം ഭണ്ഡാരങ്ങൾക്ക് നമ്പർ ഇടാത്തത് ശരിയായ രീതിയല്ലെന്നും എല്ലാ ഭണ്ഡാരങ്ങൾക്കും നമ്പർ ഉണ്ടായിരിക്കണമെന്നും ഓരോ നമ്പർ ഭണ്ഡാരത്തിൽ നിന്നും ലഭിച്ച തുക അതത് നമ്പറിനുനേരെ രേഖപ്പെടുത്തി വേണം ഭണ്ഡാരം വരവ് കണക്കിൽ ഉൾപ്പെടുത്തേണ്ടതെന്നും സമിതി നിർദ്ദേശിക്കുന്നു.

15.3 ക്ഷേത്രവരുമാനത്തിൽ ക്രമക്കേട് നടത്തി ധനാപഹരണം നടത്തുന്നവർക്കെതിരെ ഇൻഡ്യൻ ശിക്ഷാനിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

15.4 ശ്രീ വേമണ്ണ ക്ഷേത്രത്തിലെ 1996-97, 1998, 1999 വർഷങ്ങളിലെ സംയോജിത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 12-ൽ ഭണ്ഡാരവരവായ 5539.75 (4-1-1996) രൂപ വരവ് വയ്ക്കാത്തതിൽ തടസ്സവാദം ഉന്നയിച്ചിരിക്കുന്നു. അന്നത്തെ എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന കെ. ശ്രീധരൻ നിര്യാതനായിട്ടുണ്ട്. മലപ്പുറം അസിസ്റ്റന്റ് കമ്മീഷണറുടെ എ 5-1305/03 തീയതി 2-3-2005-ലെ ഉത്തരവ് പ്രകാരം പ്രസ്തുത സംഖ്യ അന്തരിച്ച ശ്രീധരന്റെ അവകാശികളിൽ നിന്നും പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുന്നതിനായി വേമണ്ണ ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നല്കിയിരുന്നു.

15.5 എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീധരന്റെ അവകാശികളായ പേർക്കും നോട്ടീസയച്ചതിൽ, 3 പേർ നോട്ടീസ് കൈപ്പറ്റുകയും ഒരാൾക്കയച്ച നോട്ടീസ്, അയാൾ വിദേശത്താണെന്ന അറിയിപ്പോടെ മടങ്ങിവന്നതായി എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരിക്കുന്നു. വിദേശത്തുള്ള വ്യക്തിയുടെ മേൽവിലാസം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. മേൽവിലാസം ലഭ്യമായ അവകാശികളിൽ നിന്നും ദേവസ്വത്തിന് നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടി സ്വീകരിച്ചിട്ടുണ്ട്. ദേവസ്വം ഭണ്ഡാരങ്ങൾക്ക് നമ്പറിടുന്നതിനും ഓരോ നമ്പർ ഭണ്ഡാരത്തിൽ നിന്നും ലഭിക്കുന്ന തുക അതത് നമ്പറിനുനേരെ രേഖപ്പെടുത്തി ഭണ്ഡാരം രജിസ്റ്റർ തയ്യാറാക്കുന്നതിനും എല്ലാ ക്ഷേത്രഭരണാധികാരികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ഭണ്ഡാരം തുറന്നെണ്ണുന്ന സമയത്ത് വകുപ്പ് ഉദ്യോഗസ്ഥർ ഹാജരായി ഇക്കാര്യം പരിശോധിക്കാറുണ്ട്.

15.6 ക്ഷേത്രവരുമാനത്തിൽ ക്രമക്കേട് നടത്തി ധനാപഹരണം നടത്തുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം അനുസരിച്ചുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഖണ്ഡിക നമ്പർ 46, 47, 48, 49

### ശിപാർശ

16.1 എച്ച്.ആർ. ആന്റ് സി.ഇ.യുടെ പരിധിയിൽ വരുന്ന ക്ഷേത്രങ്ങളിലെ വരുമാനം ഡിബഞ്ചേഴ്സ്, ഷെയർ സർട്ടിഫിക്കറ്റ് എന്നിവയിലേക്ക് നിക്ഷേപിക്കുന്നതായും പിന്നീട് ആ തുക നഷ്ടപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ക്ഷേത്രങ്ങളിലെ വരുമാനം ദേശസാൽകൃത ബാങ്കുകളിൽ പ്രത്യേകം അക്കൗണ്ട് ആയി സൂക്ഷിക്കേണ്ടതാണെന്നും ഈ തുക ക്ഷേത്രാവശ്യങ്ങൾക്കല്ലാതെ മറ്റൊരു തരത്തിലുമുള്ള ഇടപാടുകൾക്ക് ഉപയോഗിക്കുവാൻ പാടില്ലായെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനെതിരെ നിയമനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16.2 പാലക്കാട് ശ്രീ കിഴക്കേത്തറ ഭഗവതി ക്ഷേത്രത്തിലെ പണാപഹരണവുമായി ബന്ധപ്പെട്ട് ശ്രീ. ചെന്താമരാക്ഷന്റെ കേസിന്റെ നടപടിയിലുണ്ടായ അനാസ്ഥയും അതുമൂലം കേസ് കാലഹരണ നിയമപ്രകാരം തള്ളിപ്പോകാനുണ്ടായ സാഹചര്യവും എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിന്റെ കെടുകാര്യസ്ഥതയും ഉത്തരവാദിത്വമില്ലായ്മയുമാണ് വെളിപ്പെടുത്തുന്നത്.

16.3 ഈ കേസുമായി ബന്ധപ്പെട്ട് വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചു, അതിനുത്തരവാദപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥനാരായിരുന്നു, എന്തുകൊണ്ടാണ് കൃത്യസമയത്തിനുള്ളിൽ കേസ് കൊടുക്കാഞ്ഞത് എന്നിവ സംബന്ധിച്ച് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16.4 കേസ് നടത്തിപ്പിൽ അനാസ്ഥ കാട്ടി ദേവസ്വത്തിന് സാമ്പത്തികനഷ്ടം വരുത്തിയ ഉദ്യോഗസ്ഥനെതിരെ ബാദ്ധ്യത തിട്ടപ്പെടുത്തി പ്രസ്തുത നഷ്ടം (പലിശയുൾപ്പെടെ) ഈടാക്കുന്നതിനുള്ള വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

16.5 കേസിന്റെ കാര്യത്തിൽ ഈ വകുപ്പിൽ നിന്നും വീഴ്ച വരുത്തിയിട്ടില്ല. പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ 31-5-1990-ലെ എ 4-2511/90 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ചെന്താമരാക്ഷനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. I.P.C. 403, 409, 477(എ) വകുപ്പ് പ്രകാരം ക്രിമിനൽ കേസ് നമ്പർ 271/90 നമ്പറായി കേസ് ചാർജ് ചെയ്യുകയും ചിറ്റൂർ ജുഡീഷ്യൽ കോടതിയിൽ C.C.325/96 നമ്പറായി കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസ് ഫയൽ ചെയ്യുന്നതിന് പ്രോസിക്യൂഷന് വന്ന കാലതാമസമാണ് കേസ് തള്ളിപ്പോവുന്നതിന് കാരണമായിത്തീർന്നത്. ശ്രീ. ചെന്താമരാക്ഷൻ ഇപ്പോൾ ജീവിച്ചിരിപ്പില്ല.

## ഖണ്ഡിക നമ്പർ 50, 51

### ശിപാർശ

17.1 അധികം എണ്ണ വാങ്ങിയ ഇനത്തിൽ ദേവസ്വത്തിൽ നിന്നും ചെലവ് ചെയ്ത തുക പലവക രശീതി പ്രകാരം ദേവസ്വത്തിലേക്ക് തിരിച്ചടച്ചതായി പറയുന്നുവെങ്കിലും തുക തിരിച്ചടച്ച രസീതും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇവ പരിശോധനാ വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ആരോപണവുമായി ബന്ധപ്പെട്ട വഴിപാട് ക്ലാർക്കിന്റെ രാജി ബാദ്ധ്യതയ്ക്ക് വിധേയമായി സ്വീകരിച്ചിട്ടുള്ളത് എന്ന വകുപ്പിൽ നിന്നുള്ള മറുപടിയിന്മേൽ വിശദീകരണം ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

17.2 ഇതുസംബന്ധിച്ച് ക്ലിപ്തപ്പെടുത്തിയിട്ടുള്ള ബാദ്ധ്യതയെത്രയെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

17.3 പയ്യന്നൂർ ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ 1997 മുതൽ 1999 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 17, 18(2), 19, 21(2), 26, 27, 28(എ), 28(ബി)12, 12(2), 22 എന്നിവയിലും 2000 വർഷത്തെ 26, 28 എന്നീ ഖണ്ഡികകളിലും പ്രതിപാദിച്ചിട്ടുള്ള 1,74,417 രൂപ പൈസ ആണ് ദേവസ്വത്തിന് നഷ്ടപ്പെട്ടത്. ഇതിൽ 9-11-2000-ലെ രശീതി നമ്പർ 225, 226, 227, 228, 229, 230, 231 എന്നിവ പ്രകാരം 72,146 രൂപ 73 പൈസയും 23-1-2006-ലെ 1266-ാം നമ്പർ രശീതി പ്രകാരം 804 രൂപയും 11-10-2005-ലെ 1187-ാം നമ്പർ രശീതി പ്രകാരം 9,972 രൂപയും 23-1-2006-ലെ 1266-ാം നമ്പർ രശീതി പ്രകാരം 922 രൂപയും അടക്കം 92,146 രൂപ 73 പൈസ തിരിച്ചടച്ചിട്ടുണ്ട്. 82,270 രൂപ 42 പൈസ അടയ്ക്കാൻ ബാക്കിയുണ്ട്. പ്രസ്തുത സംഖ്യ വസൂലാക്കുന്നതിന് സർച്ചാർജ്ജ് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 53

### ശിപാർശ

18.1 ധനനഷ്ടമുണ്ടായിട്ടുള്ള മറ്റു ക്ഷേത്രങ്ങളിലും ധനനഷ്ടം ഉണ്ടാക്കിയവരിൽ നിന്നും തുക തിരിച്ചുപിടിക്കാൻ അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

18.2 ധനനഷ്ടമുണ്ടാക്കിയിട്ടുള്ള മറ്റു ക്ഷേത്രങ്ങളിൽ ധനനഷ്ടം ഉണ്ടാക്കിയവരിൽ നിന്നും തുക തിരിച്ചുപിടിക്കുവാൻ അടിയന്തരനടപടി സ്വീകരിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 54, 55

ശിപാർശ

19.1 ശ്രീ മദനന്തേശ്വര വിനായക ക്ഷേത്രത്തിൽ എക്സ്ട്രാ കമ്മീഷൻ എന്ന പേരിൽ വഴിപാട് വിഹിതത്തിനുപുറമേ കൈപ്പറ്റിയിരുന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി ദേവസ്വം ഫണ്ടിൽ വരവുവയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക തിരിച്ചടച്ചതായി കാണുന്നില്ല. ആയതിനാൽ ടി തുക അടിയന്തരമായി തിരിച്ചടപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

19.2 പ്രസ്തുത ക്ഷേത്രത്തിൽ ഇപ്പോൾ എക്സ്ട്രാ കമ്മീഷൻ വാങ്ങുന്നുണ്ടോയെന്ന് അന്വേഷിച്ച് ഇതുസംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

19.3 കാസറഗോഡ് മധൂർ ശ്രീ മദനന്തേശ്വര വിനായക ക്ഷേത്രത്തിൽ നിന്നും എക്സ്ട്രാ കമ്മീഷൻ എന്ന പേരിൽ വഴിപാട് വിഹിതത്തിന് പുറമേ ജീവനക്കാർ കൈപ്പറ്റിയ തുക അവരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ചെയ്യുവാൻ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർക്ക് കർശന നിർദ്ദേശം നല്കുകയും തുടർന്ന് എക്സിക്യൂട്ടീവ് ഓഫീസർ ജീവനക്കാരുടെ 2006 ആഗസ്റ്റിലെ ശമ്പളത്തിൽ നിന്നും തുടങ്ങി തിരിച്ചുപിടിച്ചു കൊണ്ടിരിക്കുകയാണ്.

19.4 ഇപ്പോൾ എക്സ്ട്രാ കമ്മീഷൻ നല്കിവരുന്നില്ല എന്ന് ബോധിപ്പിക്കുന്നു.

ഖണ്ഡിക നമ്പർ 57, 58

ശിപാർശ

20.1 ശ്രീ പറശ്ശിനി മടപ്പുര മുത്തപ്പൻ ക്ഷേത്ര ഭരണത്തിനായി എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പ് തയ്യാറാക്കിയ ഭരണ പദ്ധതി ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ പ്രസ്തുത ഭരണപദ്ധതി റദ്ദാക്കുന്നതിന് ചൂണ്ടിക്കാണിച്ച അപാകതകൾ ഒഴിവാക്കി നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ച് പുതിയ ഭരണ പദ്ധതി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20.2 ഹൈക്കോടതി വിധിയുടെ പകർപ്പ്, പ്രസ്തുത വിധിയെ തുടർന്ന് അത് ഒഴിവാക്കികിട്ടുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നിവയടങ്ങിയ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

20.3 പറശ്ശിനി, മടപ്പുര ക്ഷേത്രത്തിന്റെ കാര്യത്തിൽ ബഹു. കേരളാ ഹൈക്കോടതിയുടെ ഒ.പി. 5859/01 കേസിൽ ഡിപ്പാർട്ട്മെന്റ് സ്വീകരിച്ച നിലപാടുകളുടെ ഭാഗമായി ക്ഷേത്രത്തിന്റെ ശരിയായ ഭരണം ഉറപ്പാക്കുന്നതിനാവശ്യമായ തീരുമാന മെടുക്കാവുന്നതാണെന്ന് 9-3-2004-ൽ വിധിയായിരുന്നു. തുടർനടപടികളുടെ ഭാഗമായി ഡെപ്യൂട്ടി കമ്മീഷണറുടെ ഒ.എ. 2/05 പ്രകാരം സ്കീം രൂപീകരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. 9-3-2004-ലെ വിധിക്കെതിരെ ട്രസ്റ്റി ബഹു. സുപ്രീം കോടതിയിൽ SLP(C) 21804805/05, 21806807/05 ഫയൽ ചെയ്തത് നിലവിലുണ്ട്.

<u>ഖണ്ഡിക നമ്പർ 59, 60, 61, 62</u>

<u>ശിപാർശ</u>

21.1 ശ്രീ വള്ളിയൂർക്കാവ് ക്ഷേത്രത്തിലെ ധനാപഹരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നാളിതുവരെ നടപടിയെടുക്കാതെ അന്വേഷണം നടത്തിവരുന്നു എന്ന മറുപടി നൽകിയ എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിന്റെ നടപടി പ്രതിഷേധാർഹമാണ് എന്ന് സമിതി അഭിപ്രായപ്പെടുന്നു.

21.2 ധനാപഹരണം നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക പലിശയടക്കം ഈടാക്കി ദേവസ്വത്തിലേക്ക് വരവുവയ്ക്കണമെന്നും ഇതുസംബന്ധിച്ച രേഖകൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് രണ്ടുമാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21.3 പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കാതെ അന്വേഷണം നീട്ടിക്കൊണ്ടുപോകുന്നതിൽ നിന്നും ടിയാനെ സംരക്ഷിക്കുന്നതിനായി എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിലെ നടപടി സ്വീകരിക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു.

21.4 ധനാപഹരണം സംബന്ധിച്ച അന്വേഷണം പൂർത്തിയാക്കി രണ്ട് മാസത്തിനുള്ളിൽ തുക തിരിച്ചടച്ച് റിപ്പോർട്ട് ലഭ്യമാക്കിയില്ലായെങ്കിൽ പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥനെതിരെയും നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

21.5 ശ്രീ വള്ളിയൂർക്കാവ് ഭഗവതി ക്ഷേത്രത്തിലെ സ്ഥിരനിക്ഷേപത്തിൽപ്പെട്ട 5,000 രൂപ വീതം മുഖവിലയുള്ളതും 4-10-1999-ന് കാലാവധി എത്തിയതുമായ ഇന്ദിരാവികാസ് പത്രികകൾ മാറി ദേവസ്വം കണക്കിൽ വരവുവയ്ക്കാതെ അപഹരിച്ച 40,000 രൂപ ദേവസ്വം ഫണ്ടിൽ തിരിച്ചടയ്ക്കുകയും ആയത് 22-7-2001-ലെ ഫിക്സഡ് ഡെപ്പോസിറ്റ് രശീതി നമ്പർ 16801 ആയി മാനന്തവാടി ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സ്ഥിരനിക്ഷേപമാക്കുകയുണ്ടായിട്ടുണ്ട്. (ദേവസ്വം ക്യാഷ് ബുക്ക് പേജ് നമ്പർ 142, 143) സ്ഥിരനിക്ഷേപത്തിന്റെ പലിശയിനത്തിൽ 4,400 രൂപ 11-10-2001-ന് ദേവസ്വം ഫണ്ടിൽ തിരിച്ചടക്കുകയും ആയത് ക്യാഷ് ബുക്ക് പേജ് നമ്പർ 188-ൽ വരവുവെക്കുകയും ചെയ്തിട്ടുണ്ട്. 1994 മുതൽ 1999 വരെയുള്ള ഓഡിറ്റ് തടസ്സവാദങ്ങൾ പ്രകാരം ശ്രീ. പി. ടി. കുഞ്ഞിരാമൻ നായരുടെ ക്ഷേത്രത്തിലേക്കുള്ള ബാധ്യത 1,27,847.52 രൂപയാണെന്നും ഇതിൽ 59,049 രൂപ ഇതിനകം ടിയാനിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള 68,798.52 രൂപ ക്ഷേത്രഫണ്ടിലേക്ക് ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നുണ്ടെന്നും ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. പി. ടി. കുഞ്ഞിരാമൻ നായരെ ഡെപ്യൂട്ടി കമ്മീഷണറുടെ 15-10-2002-ലെ എ 3-550/98 നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും അന്വേഷണ നടപടികൾ പൂർത്തിയായതിനെത്തുടർന്ന് മാനേജർ തസ്തികയിൽ നിന്ന് തരംതാഴ്ത്തി എൽ. ഡി. ക്ലാർക്കായി പ്രസ്തുത ക്ഷേത്രത്തിൽ തന്നെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 64</u>

<u>ശിപാർശ</u>

22.1 ദേവസ്വത്തിന് നഷ്ടപ്പെട്ട തുക ഉത്തരവാദിയായവരിൽനിന്നും ഈടാക്കി ദേവസ്വത്തിലേക്ക് വരവുവയ്ക്കണമെന്നും ഇത്രയും കാലതാമസം ഉണ്ടായിട്ടും മറ്റു തുടർ നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ലായെന്നും അതുകൊണ്ട് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

22.2 ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരിൽ നിന്നും ദേവസ്വത്തിനുണ്ടായ നഷ്ടം ഈടാക്കാൻ സർച്ചാർജ്ജ് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 66, 67

### ശിപാർശ

23.1 പ്രസ്തുത കേസ് വിജിലൻസിന് കൈമാറിയത് എന്നാണെന്നും അന്വേഷണ പുരോഗതി, അന്വേഷണ വിധേയനായ ഉദ്യോഗസ്ഥൻ ഇപ്പോൾ ജോലിയിൽ തുടരുന്നുണ്ടോയെന്നും കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുമുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23.2 2001-02-ലെ ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള പ്രസ്തുത കേസിന്റെ അന്വേഷണം ഇനിയും നീണ്ടുപോകുന്നത് കേസിന്റെ പ്രസക്തി നഷ്ടപ്പെടുത്തുന്നതിനും കുറ്റവാളികൾ രക്ഷപ്പെടുന്നതിനും ആത്യന്തികമായി ദേവസ്വത്തിന്റെ നഷ്ടം നഷ്ടമായിത്തന്നെ ശേഷിക്കുന്നതിനും ഇടയാകുമെന്നതിനാൽ 2005-ൽ തന്നെ കോടതി നടപടികൾ ആരംഭിക്കത്തക്കവിധത്തിൽ അന്വേഷണം അടിയന്തരമായി പൂർത്തിയാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

23.3 മേൽക്ഷേത്രത്തിൽ ശ്രീ. ടി. ടി. വിനോദൻ, എക്സിക്യൂട്ടീവ് ഓഫീസറും ശ്രീ. കുന്നത്ത് രാജീവൻ ചെയർമാനും ആയ കാലത്ത് ആണ് കണക്കുകളിൽ അപാകതയും സാമ്പത്തിക ദുരുപയോഗവും ധനാപഹരണവും നടന്നത്. ഇത് സംബന്ധിച്ച് കോഴിക്കോട് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയും തിരിമറി നടന്ന തുക അൻപതിനായിരത്തിൽ കുറവായതിനാൽ വിജിലൻസ് വകുപ്പിന്റെ നിർദ്ദേശപ്രകാരം നാദാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 409, 420, 470, 477 (എ)/ആർ/ഡബ്ളിയു/34 ഐ.പി.സി. പ്രകാരം ശ്രീ. ടി. ടി. വിനോദൻ, ശ്രീ. വിശ്വനാഥൻ എന്നിവരെ പ്രതി ചേർത്ത് അന്വേഷണം നടന്നുവരുന്നുണ്ട്. എക്സിക്യൂട്ടീവ് ഓഫീസർ 15-6-2006-ന് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടപ്പോൾ കേസ് അന്വേഷണം പുരോഗമിച്ചുവരുന്നുണ്ടെന്ന് മറുപടി ലഭിച്ചു. കൂടാതെ ശ്രീ. ടി. ടി. വിനോദനെ ഡെപ്യൂട്ടി കമ്മീഷണറുടെ 17-6-2003-ലെ എ 4-876/2003 നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിൽ നിന്നും കാസറഗോഡ് ജില്ലയിലേക്ക് സ്ഥലം മാറ്റിയിരുന്നു. ഇപ്പോൾ ടി. ടി. വിനോദൻ ദീർഘകാല അവധിയിൽ വിദേശത്ത് പോയിരിക്കുകയാണ്. ദേവസ്വത്തിന് യഥാർത്ഥത്തിൽ വന്ന നഷ്ടം 27508.10 രൂപയാണ്. അതിൽ എക്സിക്യൂട്ടീവ് ഓഫീസറുടെയും ക്ലാർക്കിന്റെയും ബാധ്യതയിൽ കണക്കാക്കിയ 6,804 രൂപയും, പലിശ 500 രൂപയും കണക്കാക്കി ആകെ 7,304 രൂപ 29-3-2006-ന് പലവക രശീതി നമ്പർ 19,167 എന്നിവ പ്രകാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് ഓഫീസറും ക്ലാർക്ക് വിശ്വനാഥനും കൂടി തിരിച്ചടച്ചു. അന്നുതന്നെ ഇരിങ്ങണ്ണൂർ സഹകരണബാങ്ക് അക്കൗണ്ട് നമ്പർ 3911-ൽ വരവുവച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 69, 70, 71, 72

### ശിപാർശ

24.1 ശ്രീമദ് അനന്തേശ്വരം ക്ഷേത്രത്തിലെ ഭണ്ഡാരപ്പിരിവ് കുറച്ചുകാണിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഭണ്ഡാരം തുറന്നെണ്ണുന്നതിന് ഹൈക്കോടതി നൽകിയ നിർദ്ദേശം നടപ്പിലാക്കുന്നതിനെതിരെ ദേവസ്വം അധികാരികൾ നൽകിയ ഒ.പി.യിൽ എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിന് അനുകൂലമായി വിധി പ്രസ്താവിച്ചിട്ടും അത് നടപ്പാക്കാൻ ശ്രമിക്കാത്തത് ഗുരുതരമായ അനാസ്ഥയാണെന്നും കോടതിവിധി നടപ്പാക്കാൻ ശ്രമിക്കാതിരുന്ന ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

24.2 സമിതിക്ക് രേഖാമൂലം നൽകിയ മറുപടിയിൽ ഒ.പി. ഫയൽ ചെയ്തിരുന്നുവെന്നും അതിനാൽ ഭണ്ഡാരം സീൽ ചെയ്യുന്നതിനോ ഭണ്ഡാരം വരവ് വകുപ്പിലേക്ക് അറിയിക്കുന്നതിനോ ഭരണാധികാരികൾ തയ്യാറാകുന്നില്ലായെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ സമിതിയുടെ തെളിവെടുപ്പുവേളയിൽ ദേവസ്വം ഭണ്ഡാരം സീൽ ചെയ്യുന്നതിന് ചെന്നപ്പോൾ ദേവസ്വം അധികൃതർ അതിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരുന്നുവെന്നാണ് അറിയിച്ചത്. പരസ്പരവിരുദ്ധമായ മറുപടി നൽകിയതുവഴി എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പ് സമിതിയെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ചുവെന്നും നിയമസഭാ സമിതിയുടെ മുൻപാകെ നിരുത്തരവാദപരമായി പെരുമാറിയ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

24.3 എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിനുവേണ്ടി കോടതിയിൽ ഹാജരാകുന്ന അഭിഭാഷകർ ആത്മാർത്ഥതയോടും ഉത്തരവാദിത്വത്തോടെയും കേസുകൾ കൈകാര്യം ചെയ്യുന്നുണ്ടോ എന്നതിനെപ്പറ്റിയും അവർക്ക് കേസ് നടത്തിപ്പിന് ആവശ്യമായ രേഖകൾ കൃത്യമായി എത്തിച്ചുകൊടുക്കുന്നുണ്ടോയെന്നതിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24.4 ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

24.5 ശ്രീമദ് അനന്തേശ്വരം ക്ഷേത്രം ഗൗഡസാരസ്വത ബ്രാഹ്മണരുടെ ക്ഷേത്രമാണ്. ഇതിന്റെ ഭരണം നടത്തുന്നത് കാസറഗോഡ് സബ്കോടതിയുടെ ഒ.പി.10/71-ലെ 7-4-1982-ലെ വിധി പ്രകാരമുണ്ടാക്കിയ ഒരു ഭരണപദ്ധതിയനുസരിച്ചാണ്. അതുപ്രകാരം

ഗൗഡസാരസ്വത ബ്രാഹ്മണരുടെ, കേരളത്തിലും കർണ്ണാടകയിലുമായി വ്യാപിച്ചുകിടക്കുന്ന 18 'പേട്ട്'കളിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികളാണ് ട്രസ്റ്റിമാരെ തെരഞ്ഞെടുക്കേണ്ടത്. ഭരണ പദ്ധതിയുടെ 12, 13 വകുപ്പുകൾ പ്രകാരം ട്രസ്റ്റിമാരുടെ അധികാരാവകാശകടമകൾ ഹിന്ദുമതധർമ്മസ്ഥാപന നിയമപ്രകാരമായിരിക്കുമെന്നും, ട്രസ്റ്റിമാർ കമ്മീഷണറുടെ പൊതുനിയന്ത്രണത്തിലായിരിക്കുമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ കഴിഞ്ഞ 20 കൊല്ലത്തിലധികമായി അതത് കാലത്തെ ട്രസ്റ്റിമാർ സ്കീം പ്രകാരം കമ്മീഷണർക്ക് ട്രസ്റ്റിമാരുടെ ഭരണത്തിന്മേൽ പൊതുമേൽനോട്ടമല്ലാതെ മറ്റുകാര്യങ്ങളിലൊന്നും ഉത്തരവ് വാങ്ങുകയോ അറിയിക്കുകയോ ചെയ്യേണ്ടെന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്. അവരുടെ അഭിപ്രായത്തിൽ 18 പേട്ടകളുടെ പ്രതിനിധികളും, ട്രസ്റ്റി ബോർഡും, ക്ഷേത്രഭരണത്തിന്റെ പരമാധികാരികളാണെന്നും അവർക്ക് വകുപ്പുമായി ആലോചിക്കാതെ എല്ലാകാര്യങ്ങളും ചെയ്യാമെന്നുമാണ്. 1985 മുതൽ പല പ്രാവശ്യം നിരവധി നിർദ്ദേശങ്ങൾ നല്കിയെങ്കിലും അവയൊന്നും ക്ഷേത്രഭരണാധികാരികൾ പാലിക്കാതെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങുകയായിരുന്നു പതിവ്. ഭണ്ഡാരങ്ങൾ സീൽ ചെയ്യാനുള്ള നിർദ്ദേശത്തിന്റെ കാര്യവും മറ്റൊന്നല്ല. 1990-ലെ നിർദ്ദേശത്തിനെതിരെ നല്കിയ ഒ.പി. തീർപ്പായതിനുശേഷം പിന്നീട് വന്ന പ്രസിഡന്റ് ഇതേ കാര്യത്തിൽ ഒ.പി. 12553/97 ഫയൽ ചെയ്യുകയും ഈ കാരണം പറഞ്ഞ് സീൽ ചെയ്യാൻ അനുവദിക്കാതിരിക്കുകയും ചെയ്തു. ഒരു മുൻ പ്രസിഡന്റ് 1992-ൽ ഒ.പി. 11282/92 ആയി അംശദായം പിരിക്കാനുള്ള നോട്ടീസിനെതിരെ ഫയൽ ചെയ്തത് വകുപ്പിന്റെ അധികാരം അംഗീകരിച്ചുകൊണ്ട് തീർപ്പാക്കിയിരുന്നു. എന്നാൽ തുടർന്നുവന്ന പ്രസിഡന്റ് ഇതേ കാര്യത്തിൽ ഡബ്ല്യു.പി.സി. 16929/03 ആയി കേസ് ഫയൽ ചെയ്യുകയാണ് ചെയ്തത്. ട്രസ്റ്റിമാർക്കെതിരെ വകുപ്പെടുത്ത നടപടിക്കെതിരെയും ഇതേപോലെ കേസുകൾ ഫയൽ ചെയ്തിരുന്നു. ഇങ്ങനെ മാറിമാറി വരുന്ന ട്രസ്റ്റിമാർ ഒരേ കാര്യത്തിൽ മാറിമാറി കേസുകൾ കൊടുത്ത് വകുപ്പ് നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയായിരുന്നു പതിവ്. 2004-ന് മുൻപ് ഹൈക്കോടതിയിലെ കേസ് ശരിയായി നടത്താനുള്ള സംവിധാനമുണ്ടായിരുന്നില്ല. കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനെതുടർന്ന് 2004-ൽ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ വകുപ്പിന്റെ ഒരു ലെയ്സൺ ഓഫീസറെ നിയമിക്കുകയും കൂടാതെ ശ്രീമദ് അനന്തേശ്വരം ക്ഷേത്രം സംബന്ധിച്ച എല്ലാ കേസുകളും കൈകാര്യം ചെയ്യാൻ പ്രഗൽഭനായ ശ്രീ. മോഹൻ സി. മേനോൻ എന്ന സീനിയർ ഗവൺമെന്റ് പ്ലീഡറെ സർക്കാർ മുഖേന ഏർപ്പാടാക്കുകയും ചെയ്തിരുന്നു. അങ്ങനെ ഒ.പി. നമ്പർ 12563/97, 8363/01, 12527/05, 16929/03, 21108/03, 3599/04 എന്നീ കേസുകൾ ഒന്നിച്ച് ക്ലബ്ബ് ചെയ്യിച്ച് 27-4-2004-ലെ വിധി പ്രകാരം തീർപ്പാക്കി. ഈ വിധി പ്രകാരം ക്ഷേത്രഭണ്ഡാരങ്ങൾ സീൽ ചെയ്യേണ്ടതാണെന്നും,

എച്ച്.ആർ. ആന്റ് സി.ഇ. നിയമപ്രകാരം കമ്മീഷണർക്ക് ക്ഷേത്രഭരണത്തിൽ ഇടപെടാമെന്നും, അംശദായം പിരിക്കുന്നത് ശരിയാണെന്നും കണ്ടിരുന്നു. ഈ വിവരം കിട്ടിയതിനെ തുടർന്നാണ് 2-8-2004-ന് ഭണ്ഡാരങ്ങൾ സീൽ ചെയ്യാൻ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയത്. സീൽ ചെയ്തത് സംബന്ധിച്ച് റിപ്പോർട്ട് ലഭിക്കാത്തതിനെ തുടർന്ന് വിശദീകരണം ചോദിക്കുകയും ഇതിന് മറുപടിയായി ഭണ്ഡാരങ്ങൾ ഉത്തരവുപ്രകാരം സീൽ ചെയ്തിരുന്നുവെന്നും റിപ്പോർട്ടിന്റെ കോപ്പി സഹിതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്ന് ബോധിപ്പിക്കുന്നു. വകുപ്പ് സുപ്രീം കോടതിയിൽ Caveat ഫയൽ ചെയ്യാൻ നടപടി എടുത്തിരുന്നു. മേൽപറഞ്ഞ വിധിക്കെതിരെ ട്രസ്റ്റിമാർ സുപ്രീം കോടതിയിൽ SLP 22891 മുതൽ 22893 വരെ ഫയൽ ചെയ്യുകയും 19-11-2004-ലെ ഉത്തരവുപ്രകാരം ഹൈക്കോടതി വിധി സ്റ്റേ ചെയ്യുകയും ചെയ്തിരുന്നു. സുപ്രീം കോടതിയിലെ കേസ് ശരിയായി നടത്താൻ സീനിയർ അഡ്വക്കേറ്റിനെ ഏർപ്പാടാക്കുകയും ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ വസ്തുതകളിൽ നിന്നും ശ്രീമദ് അനന്തേശ്വരം ക്ഷേത്രം സംബന്ധിച്ച കേസുകൾ വളരെ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്തിരുന്നു എന്നും കേസിനാവശ്യമായ എല്ലാ രേഖകളും കൃത്യമായി എത്തിച്ചുകൊടുത്തിരുന്നു എന്നും സുപ്രീം കോടതിയിലെ കേസുകൾ ശരിയായി നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. പാരാ.68-ൽ സൂചിപ്പിച്ച ഡെപ്യൂട്ടി കമ്മീഷണർക്ക് കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നതിൽ പിഴവ് പറ്റിയിട്ടുണ്ടെന്നും ടിയാൻ 30-6-2006-ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

## ഖണ്ഡിക നമ്പർ 74, 75, 76, 77

### ശിപാർശ

25.1 ശ്രീമദ് അനന്തേശ്വരം ക്ഷേത്രത്തിലെ പല്ലക്ക് വെള്ളിപൊതിയുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ ഉടമ്പടി ഉണ്ടായിരുന്നിട്ടും പണിക്കൂറവും പണിക്കൂലിയും ഉടമ്പടിയിലേതിനേക്കാൾ കൂട്ടി പ്രതിഫലം നൽകി ദേവസ്വത്തിന് നഷ്ടം വരുത്തിയത് അധികാര ദുർവിനിയോഗമാണെന്നും അതിലൂടെ അഴിമതിയും, ധനാപഹരണവുമാണു ണ്ടായിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെടുന്നു.

25.2 ഇക്കാര്യത്തിൽ വകുപ്പിൽ നിന്നും ആവശ്യപ്പെട്ട വിശദീകരണം നൽകുവാൻ തയ്യാറാകാത്ത ക്ഷേത്രഭാരവാഹികളിൽ നിന്നും വിശദീകരണം വാങ്ങി വകുപ്പിലേക്കയച്ചു കൊടുക്കുവാനും അതുവഴി ദേവസ്വത്തിനുണ്ടായ നഷ്ടം ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

25.3 വ്യക്തമായ ഉടമ്പടി ഉണ്ടായിരുന്നിട്ടും ക്ഷേത്രത്തിന് 23,661 രൂപയുടെ നഷ്ടമുണ്ടാക്കുകയും ഓഡിറ്റ് പരാമർശം ഉണ്ടായിട്ടും നാളിതുവരെയും നടപടിയൊന്നും സ്വീകരിക്കാതിരിക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് സമിതി ശിപാർശ ചെയ്യുന്നു.

25.4 പ്രസ്തുത സംഭവം നടന്നതു മുതൽ അവിടെ ചാർജ്ജുണ്ടായിരുന്ന നിലവിലുള്ള അസിസ്റ്റന്റ് കമ്മീഷണർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നതെന്നും അതിനാൽ ടിയാനെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

25.5 വെള്ളിപൊതിയുന്നതുമായി ബന്ധപ്പെട്ടതടക്കം നിരവധി ക്രമക്കേടുകളുടെ യടിസ്ഥാനത്തിൽ മേൽക്ഷേത്രം ട്രസ്റ്റിമാർക്കെതിരെ വകുപ്പിൽ നിന്നും സെക്ഷൻ 45 പ്രകാരമുള്ള അന്വേഷണനടപടികൾ സ്വീകരിക്കുകയും അതിൽവന്ന അപ്പീൽ ഹർജികൾ തീർപ്പാക്കുന്നതിനിടയിൽ ട്രസ്റ്റിമാരുടെ കാലാവധി അവസാനിക്കുകയും ചെയ്യുകയാണുണ്ടായത്. തുടർന്ന് ഇപ്പോൾ അന്നത്തെ ക്ഷേത്രം ഭരണാധികാരിയിൽ നിന്നും നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന് സർച്ചാർജ്ജ് നടപടി സ്വീകരിച്ചുകഴിഞ്ഞു. ക്ഷേത്രഭരണം അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിലായിരുന്നില്ല. ക്ഷേത്രഭരണത്തിനുവേണ്ടി തയ്യാറാക്കപ്പെട്ട പ്രസിഡന്റാണ് ക്ഷേത്രഭരണം നടത്തിയിരുന്നത്.

<u>ഖണ്ഡിക നമ്പർ 80, 81, 82</u>

<u>ശിപാർശ</u>

26.1 വ്യവസ്ഥാപിതമായ നിയമങ്ങൾക്കുവിരുദ്ധമായി ദേവസ്വംമുതൽ ദുർവിനിയോഗം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്നും ഇപ്രകാരം പ്രവർത്തിക്കുന്ന ട്രസ്റ്റിമാർക്കെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർച്ചാർജ്ജ് നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26.2 ക്രമവിരുദ്ധമായി പ്രവർത്തിച്ച മുൻ മഞ്ചേശ്വരം ട്രസ്റ്റിമാർക്കെതിരെ എച്ച്. ആന്റ് സി.ഇ. വകുപ്പ് നടപടി സ്വീകരിച്ചിരുന്നുവെങ്കിലും അവർ ഹൈക്കോടതിയിൽ നിന്നും പ്രസ്തുത നടപടിക്കെതിരെ സ്റ്റേ സമ്പാദിക്കുകയും അവരുടെ ഭരണ കാലാവധി തീരുന്നതുവരെ കേസ് നീട്ടിക്കൊണ്ടുപോവുകയുമാണുണ്ടായത്. ഈ രീതി ആശാസ്യമല്ലെന്നും ഇത്തരം കേസുകളിൽ യഥാസമയം നടപടികൾ സ്വീകരിച്ച് തീർപ്പുകൽപ്പിക്കുന്നതിന് വകുപ്പ് താല്പര്യം കാണിക്കാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. ഭാവിയിൽ ക്രമവിരുദ്ധമായി

പ്രവർത്തിക്കുന്ന ട്രസ്റ്റിമാർക്കെതിരെ നടപടി സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട കക്ഷികൾ കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചാലും നടപടിയെടുക്കാനുണ്ടായ കാരണവും സാഹചര്യവും കോടതിയെ യഥാസമയം ബോദ്ധ്യപ്പെടുത്തി സ്റ്റേ ഒഴിവാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്നും എതിർകക്ഷികളിൽ നിന്നും കോടതി ചെലവ് ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26.3 തിരുമാന്ധാംകുന്ന് ദേവസ്വം ട്രസ്റ്റിമാർക്കെതിരെ സർച്ചാർജ്ജ് നടപടികൾ അടിയന്തരമായി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

26.4 ദേവസ്വംമുതൽ ദുർവിനിയോഗം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കേണ്ടതിന് ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നതാണ്. വകുപ്പ് കക്ഷിയായ വ്യവഹാരങ്ങൾ കാലതാമസം കൂടാതെ നടത്തുന്നതിനായി വകുപ്പിന്റെ ഒരു ലെയ്സൺ ഓഫീസറെ ഇപ്പോൾ ഏർപ്പാടുചെയ്തിട്ടുണ്ട്. വകുപ്പിന് സ്വന്തമായി ഒരു ഗവൺമെന്റ് പ്ലീഡറെ ലഭിക്കുകയാണെങ്കിൽ. കാര്യങ്ങൾ കുറേക്കൂടി വേഗത്തിലും കാര്യക്ഷമമായും നടത്തുവാൻ സാധിക്കുമെന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു. ശ്രീ തിരുമാന്ധാംകുന്ന് ദേവസ്വത്തിന്റെ ഓഡിറ്റ് പരാമർശകാലത്തെ ട്രസ്റ്റിയായിരുന്ന ഡോക്ടർ എ. സി. കെ. രാജ 26-2-2001-ന് അന്തരിച്ചതായി അറിയുന്നു. അദ്ദേഹത്തിന്റെ നിയമപരമായ അവകാശികളിൽ നിന്നും, ക്ഷേത്രത്തിലേക്ക് കിട്ടാനുള്ള തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ഖണ്ഡിക നമ്പർ 84, 85, 86</u>

<u>ശിപാർശ</u>

27.1 മഞ്ചേരി ശ്രീ മേലാക്കം കാളിക്കാവ് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ. പി. ദേവദാസ് 8/97-ലെ ടിയാന്റെ ശമ്പളം രണ്ടുതവണ കൈപ്പറ്റിയത് ബോധപൂർവ്വം നടത്തിയ ധനാപഹരണമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

27.2 അച്ചടക്കനടപടിക്കെതിരെ ഹൈക്കോടതിയിൽ ടിയാൻ കൊടുത്തിട്ടുള്ള കേസ് അതിവേഗം തീർപ്പാക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കണമെന്നും ടിയാനെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുകയും അധികമായി വാങ്ങിയ തുക പലിശസഹിതം തിരിച്ചടപ്പിക്കുകയും ചെയ്യണമെന്നും ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27.3 വസ്തുതകൾ മറച്ചുവച്ച് രണ്ടുപ്രാവശ്യം ശമ്പളം വാങ്ങിയ ശ്രീ. പി. ദേവദാസിനെതിരെ വഞ്ചനാക്കുറ്റത്തിന് കേസെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

27.4 ശ്രീ കാളികാവ് ദേവസ്വത്തിൽ നിന്നും ശ്രീ. ദേവദാസൻ അധികം കൈപ്പറ്റിയ 2,155 രൂപ 16-7-2005-ന് പലവക രശീതി 3258 പ്രകാരം ഈടാക്കി ദേവസ്വം കണക്കിൽ വരവുവെച്ചതായും ആയത് ക്യാഷ് ബുക്ക് 177-ൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വകുപ്പ് ഇൻസ്പെക്ടർ പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂലൈ 23.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.